# തൃണമൂലിന്റെ റാലിയിൽ കോൺഗ്രസും

## ■മമതയുടെ മഹാറാലി ഇന്ന്

## ■ ഉച്ചയ്ക്ക് ബ്രിഗേഡ് പരേഡ് ഗ്രൗണ്ടിൽ

കൊൽക്കത്ത: തൃണമൂൽ കോൺഗ്രസ് നേതാവ് മമത ബാനർജി നയിക്കുന്ന ബി.ജെ.പി വിരുദ്ധ മഹാസഖ്യറാലി ഇന്ന് ഉച്ചയ്ക്ക് നടക്കും. കൊൽക്കത്തയിലെ ബ്രിഗേഡ്പരേഡ്ഗ്രൗണ്ടിലാണ്പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽനിന്നുള്ള രാഷ്ട്രീയനേതാക്കൾ "യുണൈറ്റഡ്ഇന്ത്യ റാലി' എന്ന പരിപാടിയിൽ പങ്കെടുക്കും.

അടുത്തയിടെ മമതയ്ക്കൊപ്പം ചേർന്ന സമാജ്‌വാദി പാർട്ടി നേതാവ്അഖിലേഷ്‌യാദവ്, ഡി.എം.കെ അദ്ധ്യക്ഷൻ സ്റ്റാലിൻ, മുൻ ബി.ജെ.പി നേതാവ് അരുൺ ഷൂറി, എൽ.ജെ.ഡി നേതാവ് ശരത്‌യാദവ്, എൻ.സി.പി അദ്ധ്യക്ഷൻ ശരത് പവാർ തുടങ്ങി 25ഓളം പ്രമുഖ നേതാക്കൾ റാലിയിൽ പങ്കെടുക്കുമെന്നാണ്റിപ്പോർട്ടുകൾ.

ഈ വർഷം നടക്കുന്ന ലോക്സഭാതിരഞ്ഞെടുപ്പിൽനരേന്ദ്രമോദിയ്ക്കെതിരായ ചെറുപാർട്ടികളുടെ സഖ്യംരൂപീകരിച്ച്ഒന്നിച്ച്നിൽക്കുകയെന്നതാണ് മമതയുടെ മഹാറാലി ലക്ഷ്യമിടുന്നത്.



ബ്രിഗേഡ് പരേഡ് ഗ്രൗണ്ടിൽ അവസാനവട്ട ഒരുക്കങ്ങൾ നടക്കുന്നു

വെള്ളിയാഴ്ച കൊൽക്കത്തയിലെ വിവിധ സ്ഥലങ്ങളിൽവച്ച്മമത പാർട്ടിനേതാക്കളുമായി മാരത്തോൺ ചർച്ചകൾ നടത്തിയതായാണ് വിവരം.

അതേസമയം, കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽ ഗാന്ധി പരിപാടിയ്ക്ക് എല്ലാവിധപിന്തുണയും പ്രഖ്യാപിച്ച്മമതയ്ക്ക്കത്തയച്ചിരുന്നു.

രാഹുലിന്റെ അഭാവത്തിൽ കോൺഗ്രസ് നേതാക്കളായ മല്ലികാർജ്ജുൻ ഖാർഗെ, അഭിഷേക്മനു സിംഗ്‌വി എന്നിവർ റാലിയിൽ പങ്കെടുക്കും.




ജീവനക്കാർ പ്രതിഷേധിക്കുന്നു

## സ്വകാര്യപങ്കാളിത്തം: പ്രതിരോധമേഖലയിലെ ജീവനക്കാർ പണിമുടക്കും

ന്യൂഡൽഹി: പ്രതിരോധമേഖലയിലെ നാല്ലക്ഷത്തോളം ജീവനക്കാർമൂന്ന്ദിവസംപണിമുടക്കും.

പ്രതിരോധ മേഖലയിലെ നിർമാണപ്രവർത്തനങ്ങൾസ്വകാര്യകമ്പനികൾക്ക്വിട്ടുകൊടുക്കുന്നതിൽപ്രതിഷേധിച്ചാണിത്. ഓർഡിനൻസ് ഫാക്ടറികൾ, പ്രതിരോധ ഗവേഷണ വികസന സ്ഥാപനമായ ഡി.ആർ.ഡി.ഒയിലെ ജീവനക്കാർ തുടങ്ങി സായുധസേന സ്ഥാപനങ്ങളിലെ സിവിലിയൻ ജീവനക്കാരാണ്റിപ്പബ്ലിക്ദിനത്തിനു തൊട്ടുമുമ്പുള്ള മൂന്നു ദിവസങ്ങളിൽ പണിമുടക്കുന്നത്.പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡിനെ തഴഞ്ഞ് റഫാൽ കരാറിന്റെ പങ്കാളിത്തം റിലയൻസിനു നൽകിയത് അടക്കമുള്ള സാഹചര്യങ്ങളിലാണ്പണിമുടക്ക്. രാജ്യത്ത്41 ഓർഡനനൻസ് ഫാക്ടറികളുണ്ട്. ഡി.ആർ.ഡി.ഒ ലബോറട്ടറികൾ52 എണ്ണമുണ്ട്. നിർമാണ യൂണിറ്റുകൾ പുറമെ. സർക്കാർ ഉടമസ്ഥതയിലുള്ള പ്രതിരോധ സാമഗ്രി നിർമാണ യൂണിറ്റുകളിൽ ഉത്പാദിപ്പിച്ചിരുന്ന 200ൽപരം ഇനങ്ങൾ ഇതിനകംതന്നെ സ്വകാര്യ മേഖലക്ക് കൈമാറിക്കഴിഞ്ഞതായി ഓൾ ഇന്ത്യ ഡിഫൻസ് എംപ്ലോയീസ് ഫെഡറേഷൻ നേതാക്കൾ ചൂണ്ടിക്കാട്ടി.

# ഏഷ്യൻകപ്പിൽ തീപാറും

## ■നാളെ മുതൽ പ്രീ ക്വാർട്ടർ മത്സരങ്ങൾ

**SPORTS CORNER**

**ശരത്‌ലാൽ ചിറ്റടിമംഗലത്ത്**

സൗദി അറേബ്യ: 16 ടീമുകളിലേക്ക് ചുരുങ്ങിയ എ.എഫ്.സി ഏഷ്യൻ കപ്പിലെ പ്രീ ക്വാർട്ടർ പോരാട്ടങ്ങൾക്ക് നാളെ തുടക്കമാവും. ആദ്യമത്സരത്തിൽ ജോർദാൻ വിയറ്റ്നാമിനെ നേരിടും. വൈകിട്ട് നാലരയ്ക്കാണ്മത്സരം. ഏഴരയ്ക്ക്നടക്കുന്ന രണ്ടാം മത്സരത്തിൽ തായ്‌ലൻഡ് ചൈനയെ നേരിടും. മൂന്നാമത്തെ മത്സരത്തിൽ ഏഷ്യൻ ശക്തിയായ ഇറാൻ ഒമാനുമായി കൊമ്പുകോർക്കും. രാത്രി ഒമ്പതരയ്ക്കാണ് മത്സരം.

21ന്മൂന്ന്പ്രീ ക്വാർട്ടർ മത്സരങ്ങളാണുള്ളത്. വൈകിട്ട്നാലരയ്ക്ക്നടക്കുന്ന ആദ്യ മത്സരത്തിൽ കരുത്തരായ ജപ്പാൻ സൗദി അറേബ്യയെ നേരിടും. ഏഴരയ്ക്ക് രണ്ടാം മത്സരത്തിൽ ആസ്ട്രേലിയ ഉസ്ബെക്കിസ്ഥാനെയും. മൂന്നാം മത്സരം ആതിഥേയരായ യു.എ.ഇയും കിർഗിസ്ഥാനും തമ്മിൽ.

22ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് ആറരയ്ക്ക് ദക്ഷിണ കൊറിയ ബഹ്റിനെ നേരിടും. അവസാന പ്രീ ക്വാർട്ടർ പോരാട്ടത്തിൽ ഖത്തറും ഇറാഖും ഏറ്റുമുട്ടും. 24, 25 തീയതികളിൽ ക്വാർട്ടർ മത്സരങ്ങളും 28നും, 29നും സെമിയും നടക്കും. ഫെബ്രുവരി ഒന്നിനാണ്കലാശപ്പോരാട്ടം.

### ഏഷ്യൻ കപ്പിലെ മിന്നുംതാരങ്ങൾ

### അൽമൊയെസ് അലി (ഖത്തർ)

ഖത്തറിന്റെ ഗോൾ മെഷീനാണ്സുഡാൻ വംശജനായ ഈ സ്ട്രൈക്കർ. 2019 ഏഷ്യൻ കപ്പിലെ ടോപ്സ്കോറർ. ആദ്യറൗണ്ടിലെ മൂന്ന്മത്സരങ്ങളിൽ നിന്നായി ഏഴ് ഗോളുകളാണ് ഈ 22കാരൻ അടിച്ചുകൂട്ടിയത്. ഖത്തർ സ്റ്റാർസ് ലീഗിൽ അൽ ദുഹൈൽ ക്ലബിന്റെ താരമാണ്. രാജ്യത്തിനായി131 മത്സരങ്ങളിൽ നിന്ന്17 ഗോളുകൾ നേടി.

### എൽദോർ ഷൊമുറോദോവ് (ഉസ്ബെക്കിസ്ഥാൻ)

ടൂർണമെന്റിൽ നാല് ഗോളുകളാണ്ഈ ഉസ്ബെക്കിസ്ഥാൻ സ്ട്രൈക്കർ അടിച്ചുകൂട്ടിയത്. 23കാരനായ ഷൊമുറോദോവ് റഷ്യൻ ലീഗിൽ എഫ്.സി റോസ്തോവിന്റെ താരമാണ്. ഏഷ്യൻ കപ്പിലെ താരോദയങ്ങളിൽ ഒരാളാണ്ഈ ഉസ്ബെക്ക് യുവതാരം.

### സർദാർ അസ്മൗൻ (ഇറാൻ സ്ട്രൈക്കർ)

ഇറാന്റെ എക്കാലത്തേയും മികച്ച അഞ്ചാമത്തെ ഗോൾവേട്ടക്കാരൻ. ടൂർണമെന്റിൽ ഇതുവരെ നേടിയത് മൂന്ന് ഗോളുകൾ. 2018 റഷ്യൻ ലോകകപ്പിൽ കളിച്ച താരം.

2014 മുതൽ ഇറാൻ ദേശീയ ടീമിലംഗം. റഷ്യൻ ക്ലബ് റുബിൻ കാസിന്റെ ഫോർവേഡ് ആണ് ഈ 24കാരൻ.


### മുഹനാദ് അലി (ഇറാഖ്)

ഇറാഖ്ടീമിലെ 'അത്ഭുത ബാലൻ' എന്ന വിളിപ്പേരിൽ അറിയപ്പെടുന്ന 18കാരൻ. ടൂർണമെന്റിൽ ഇതുവരെ നേടിയത്‌ രണ്ട് ഗോളുകൾ.

ഇറാഖി പ്രീമിയർലീഗിൽ അൽ ഷോർത്തയുടെ സ്ട്രൈക്കർ. ഗോൾവേട്ടയുടെ കാര്യത്തിൽ അപാരമായ സ്കിൽ പ്രദർശിപ്പിക്കുന്ന യുവപ്രതിഭ.

### സാദ് അൽ ഷീബ് (ഖത്തർ)

ഖത്തർ ടീമിന്റെ ഗോൾ കീപ്പറാണ് ഈ 28കാരൻ. ടൂർണമെന്റിൽ സാദിനെ മറികടന്ന് ഖത്തറിന്റെ ഗോൾവല ചലിപ്പിക്കാൻ എതിരാളികൾക്ക് കഴിഞ്ഞിട്ടില്ല. 2022 ലോകകപ്പിൽ ഖത്തർ ഗോളിയുടെ ഈ മിന്നും ഫോമിലാണ്രാജ്യത്തിന്റെ പ്രതീക്ഷകൾ മുഴുവനും. ഖത്തർ സ്റ്റാർസ് ലീഗിൽ അൽ സാദ് ക്ലബിന്റെ താരമാണ്.



അൽമൊയെസ് അലി (ഖത്തർ)



എൽദോർ ഷൊമുറോദോവ് (ഉസ്ബെക്കിസ്ഥാൻ)



സർദാർ അസ്മൗൻ (ഇറാൻ)



മുഹനാദ് അലി (ഇറാഖ്)



സാദ് അൽ ഷീബ് (ഖത്തർ)

flash

**വാർത്തകൾ**

തിരുവനന്തപുരം: 9946103921
കൊല്ലം: 9946103609
കോട്ടയം: 9946108298
ഇടുക്കി: 9946108298
പത്തനംതിട്ട: 9946107991
ആലപ്പുഴ: 9946108352
കൊച്ചി: 9947691819
തൃശൂർ : 9946108215
പാലക്കാട് : 9946108215
മലപ്പുറം : 9946108233
കോഴിക്കോട് : 9946100411
വയനാട് : 9048845135
കണ്ണൂർ : 9946103707
കാസർകോട് : 9946103707

**സർക്കുലേഷൻ**

തിരുവനന്തപുരം : 9745319022
കൊല്ലം : 9946108656
കോട്ടയം : 9946108305
കൊച്ചി : 9744183520
കണ്ണൂർ : 9946108325

**പരസ്യം**

തിരുവനന്തപുരം : 9446351752
കൊല്ലം : 9946164454
കോട്ടയം : 8907153153
കൊച്ചി : 9946108342
കണ്ണൂർ : 9946102106

**കത്തുകൾ**

keralakaumudi flash, kaumudi buildings, pettah p.o thiruvananthapuram-24
email: tvmflash@gmail.com

ജനറൽ എഡിറ്റർ 9946108231
ബ്യൂറോ ചീഫ് 9946108243

**കാർട്ടൂൺ, ഫലിതം**

shilinsolomon@gmail.com